(എ) സൗദിയിൽ സമ്പൂർണ്ണ സ്വദേശിവത്കരണത്തിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ടവരുടെ കൂട്ടത്തിൽ മലയാളി നഴ്സുമാർ എത്രപേർ ഉണ്ട്;

(ബി) ജോലി നഷ്ടപ്പെട്ട് മടങ്ങുന്ന നഴ്സുമാർക്ക് എന്തൊക്കെ സഹായങ്ങളാണ് നോർക്ക റൂട്ട്സ് വഴി നൽകിയത്;

(സി) ജോലി നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഇതുവരെ എത്രപേരെ ഇപ്രകാരം പുനരധിവസിപ്പിച്ചിട്ടുണ്ട്?

ഉത്തരം

(എ-ഡി) സൗദി അറേബ്യയിൽ സമ്പൂർണ്ണ സ്വദേശിവൽക്കരണം നടപ്പാക്കിയതിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ട് തിരികെ വരുന്ന പ്രവാസികളുടെ വിവര ശേഖരണത്തിനായി നോർക്ക റൂട്ട്സ് വിവിധ എയർപോർട്ടുകളിൽ ഏർപ്പെടുത്തിയിരുന്ന രജിസ്ട്രേഷൻ സംവിധാനത്തിൽ നഴ്സുമാർ ആരുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

**ഗൾഫ് വരുമാനത്തിന്റെ ശോഷണം**

79(80) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് വരുമാനത്തിന്റെ ശോഷണം കേരള സമ്പദ്ഘടനയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) സ്വദേശിവത്കരണത്തെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് സൗദിയിലും മറ്റ് ഗൾഫ് രാജ്യങ്ങളിലും കഴിയുന്ന മലയാളികളെ നാട്ടിലെത്തിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) മടങ്ങിയെത്തുന്നവരെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് അടിയന്തര സഹായം നൽകുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗൾഫിൽ നിന്നുള്ള വരുമാന ശോഷണത്തിന് കാരണമാകുന്ന തൊഴിൽ ശോഷണവും പ്രവാസികളുടെ എണ്ണത്തിൽ വരുന്ന കുറവും സംബന്ധിച്ച് കേരള സർക്കാരും മിനിസ്ട്രി ഓഫ് ഓവർസീസ് ഇന്ത്യൻ അഫയേഴ്സും ചേർന്ന് 2012-ൽ ഒരു പഠനം നടത്തുകയും 'റിപ്പോർട്ട് ഓൺ കേരള മൈഗ്രേഷൻ സർവ്വേ' എന്ന പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഭാരത സർക്കാരിന്റെ വിദേശകാര്യ വകുപ്പ്, എംബസി എന്നിവയുമായി സഹകരിച്ച് ദുരിതമനുഭവിക്കുന്ന മലയാളികളെ നാട്ടിലെത്തിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ മടങ്ങിവരുന്നവരെ സഹായിക്കുന്നതിനായി അവർ വരുമ്പോൾ എയർപോർട്ടിൽ ഹെൽപ് ഡെസ്ക് സംവിധാനം ഏർപ്പെടുത്താറുണ്ട്. കൂടാതെ ഓരോ പ്രവാസിക്കും യാത്രാ ടിക്കറ്റും പോക്കറ്റ് മണിയായി 2,000 രൂപയും നൽകിവരുന്നുണ്ട്.

(സി) വിദേശത്ത് ജോലി ചെയ്ത് മടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപവരെ മൂലധനച്ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. തിരികെയെത്തുന്ന ദുരിതമനുഭവിക്കുന്ന കേരളീയർക്കായി നോർക്ക വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസനിധിയായ സാന്ത്വന പദ്ധതി നിലവിലുണ്ട്. വാർഷിക വരുമാനം 1,00,000 രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻകീഴിൽ പ്രവാസി മലയാളികളുടെ ചികിത്സയ്ക്കോ മരണപ്പെട്ട പ്രവാസിയുടെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനും മരണപ്പെട്ട പ്രവാസി മലയാളികളുടെ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനും പ്രവാസിക്ക്/കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനും ഒറ്റത്തവണയായി നോർക്കാ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സഹായം നൽകിവരുന്നുണ്ട്.

**പ്രവാസി ക്ഷേമ പദ്ധതി**

80(81) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമത്തിന് വേണ്ടി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ബി) പ്രവാസി ക്ഷേമവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?